# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 3560/25 തിയ്യതി : 11.08.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

കൃഷ്ണകുമാർ
പദ്മാലയ, TC – 2/775, കെ.കെ. ലെയ്ൻ പരാതിക്കാരൻ
പൂങ്കുന്നം, തൃശ്ശൂർ - 680 002

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

12456 കൺസ്യൂമർ നമ്പറിലുള്ള കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നു. ഇതേ തുടർന്ന് 2001 - 02 കാലഘത്തിൽ 5,888/- രൂപ പഴയ കുടിശ്ശിക ഇനത്തിൽ അടവാക്കണമെന്ന് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം ആവശ്യപ്പെടുകയുണ്ടായി. ടി കാലയളവിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ലെന്നും ആവശ്യപ്പെട്ട കുടിശ്ശിക തുകക്ക് ബില്ലുകൾ നൽകാത്തതിനാൽ കുടിശ്ശിക തുക ഒഴിവാക്കി എത്രയും വേഗത്തിൽ കണക്ഷൻ പൂർണ്ണമായും വിച്ഛേദിച്ച് നൽകണമെന്നുമാണ് പരാതി.

**ഫോറത്തിൻെറ നടപടികൾ :**

23.05.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിങ്ങ് അസിസ്റ്റന്റ് എന്നിവരിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 27.06.2025 ന് പരാതി വിശദമായി പരിശോധിച്ചു.

ലൈസൻസിയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മറുപടി ഫോറം തിരസ്കരിക്കുകയും കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതിന് ലൈസൻസിയെ ചുമതലപ്പെടുത്തി, 27.06.2025 ന് ഇടക്കാല വിധി പുറപ്പെടുവിക്കുകയും ചെയ്തു. അധികാരപ്പെട്ട ഉദ്യോസ്ഥൻ 7 ദിവസത്തിനകം സത്യാവാങ്മൂലം ലഭ്യമാക്കുന്നതിന് ലൈസൻസിക്ക് അറിയിപ്പ് നൽകി.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

12456 എന്ന സർവ്വീസ് കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് EW3 - 3067/2025 ഫയൽ പ്രകാരം ടി കണക്ഷനിലെ കുടിശ്ശിക ആരായുകയുണ്ടായി. ബില്ലിങ്ങ് സെക്ഷനിലെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ടി കണക്ഷനിലെ പഴയ കുടിശ്ശികയായ 4,990/- രൂപയുടെ വിശദാംശങ്ങൾ 31.05.2025 ലെ വസതുതാ വിവരണ പത്രികയിൽ

നൽകിയിട്ടുള്ളതാണ്. ടി കുടിശ്ശിക സംബന്ധിച്ച രേഖകൾ കണ്ടെത്തുന്നതിനായി രണ്ട് വർക്കർമാരുടെയും രണ്ട് ഓഫീസ് അറ്റന്റന്റ്മാരുടെയും സഹായത്തോടെ 07.07.2025 മുതൽ 10.07.2025 വരെയുള്ള ദിവസങ്ങളിൽ രേഖകൾ സൂക്ഷിച്ച സ്ഥലത്ത് പരിശോധന നടത്തിയെങ്കിലും കുടിശ്ശികയുമായി ബന്ധപ്പെട്ട ലെഡ്ജറുകളോ, ഉപഭോക്താവിന് നോട്ടീസ് അയച്ച രേഖകളോ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണെന്ന വിവരം സത്യസന്ധമായി അറിയിക്കുന്നു. സിസ്റ്റത്തിൽ നിന്നും ലഭ്യമായ കുടിശ്ശിക സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം ചേർക്കുന്നു.

**ഫോറത്തിന്റെ നിഗമനം :**

ബില്ലിംഗ് സെക്ഷനിലെ കമ്പ്യൂട്ടർ സിസ്റ്റത്തിൽ രേഖപ്പെടുത്തിയ പഴയ കുടിശ്ശികയായ 4,990/- രൂപയുടെ വിവരങ്ങൾ ഉപഭോക്താവിനെ അറിയിച്ച രേഖകൾ കണ്ടെത്തി ഹാജരാക്കാൻ ലൈസൻസിക്ക് സാധിച്ചില്ല. കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായോ, ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനോ ലൈസൻസിക്ക് സാധിച്ചിട്ടില്ല. ആയതിന്റെ നിയമവശം ഇപ്രകാരമാണ്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് – 2014, 136 (3) പ്രകാരം "No such sum due from any consumer, on account of default in payment shall be recoverable after a period of two years from the date when such sum became first due unless such sum has been shown continuously as recoverable arrear of charges for electricity supplied." ഉപഭോക്താവിന് വിതരണം ചെയ്ത വൈദ്യുതിയുടെ ചാർജ്ജുകൾ അടവാക്കാതെ കുടിശ്ശികയായാൽ അത്തരം തുക തുടർച്ചയായി കാണിച്ചില്ലെങ്കിൽ ആദ്യം കുടിശ്ശികയായ തീയതി മുതൽ രണ്ട് വർഷ കാലയളവിനു ശേഷം തിരിച്ചു പിടിക്കാൻ സാധിക്കില്ല.

**ഉത്തരവ് :**

12456 കൺസ്യൂമർ നമ്പറിലുള്ള കണക്ഷനിലെ ഉപഭോക്താവിനെ പഴയ കുടിശ്ശിക വിവരങ്ങൾ നിയമപ്രകാരം യഥാസമയം അറിയിക്കുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും നടപടികൾ ലൈസൻസി സ്വീകരിക്കാത്ത സാഹചര്യത്തിൽ കുടിശ്ശിക ആവശ്യപ്പെടാൻ സാധ്യമല്ല എന്നതിനാൽ കുടിശ്ശിക റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ.കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |